LIBRARY ARCHIVES Kerala Legislative Assembly

KUNNAMKULAM FIELD OFFICER—COMPLAINT PETITION—DETAILS REGARDIG

3 5. Mr. Paramel Ipe Ipe *(Kunnamkulam):* Will Government be pleased to state.—

(*a*) whether the Kunnamkulam Field Officer has struck off the name of the ration shop to which it is originally issued and the name of another ration shop was entered in that card against the wish of the card owner;

(*b*) whether a petition complaining against this has been sent to the Government by the card owner:

(*c*) whether the very ration card referred to in question (*a*) has been sent to the Government?

Mr. P. Govinda Menon *(Minister for Food and Education):*

(*a*), (*b*) and (*c*) Since no particulars showing the card number, name of card holder and the shop to which the card is attached, are available from the question it is not possible to answer the question.

Mr. Paramel Ipe Ipe *(Kunnamkulam):* May I know Sir, whether there was any petition received by the Government complaining such an action even though the number of the card and the person in whose name the card was issued are not given?

Mr. P. Govinda Menon *(Minister for Food and Education):* I want notice.

DAILY NEWSPAPERS—CONTRIBUTION TO

326. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ —

(എ) പരസ്യക്കുലിക്ക പുറമെ കൊച്ചിയിലെ ദിനപത്രങ്ങൾക്ക ഗവൺമെണ്ടിൽ നിന്നും നൽകുന്ന ധനസഹായം ഏതെല്ലാം പത്രങ്ങൾക്കാണ്;

(ബി) എന്നുമുതല്ക്കാണ് ഇതു നൽകിത്തുടങ്ങിയതു.

(സി) ഈ ധനസഹായം നൽകുന്നതിനു മുൻപു് ഏറ്റവും ഒടുവിലായി പ്രതിദിനമാക്കപ്പെട്ട പത്രമേതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ദീനബന്ധു, ദീപം, മലബാർമെയിൽ, ഗോമതി, നവലോകം, എക്സ്പ്രസ്സ്.

(ബി) ൧൯൪൫ ഏപ്രിൽ ൧-ാംതു മുതൽ ദീപം, ദീനബന്ധു, ഗോമതി, എക്സ്പ്രസ്സ് പത്രങ്ങൾക്കും, ൧൯൪൫ ഒക്ടോബർ ൧-ാംതു മുതൽ മലബാർമെയിലിനും, ൧൯൪൭ ഏപ്രിൽ ൧-ാംതു മുതൽ നവലോകത്തിനും നൽകിത്തുടങ്ങി.

(സി) ദീനബന്ധു.

മിസ്റ്റർ കെ. എ. രാഘവൻ: ഈ ഓരോ പത്രത്തിനു കൊടുത്ത തിയ്യതികളിൽ ഇങ്ങിനെ വ്യത്യാസം വരുവാൻ കാരണമെന്താണു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതാതു് റോയിട്ടർ, എ. പി. ഐ. മുതലായ ഏജൻസികളുടെ വർത്തമാനങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങൾക്കാണു് ഈ ധനസഹായം കൊടുക്കുന്നതു്. ഇതിനു ശേഷമാണു് മറ്റുള്ള പത്രങ്ങൾ ഇവരുടെ വർത്തമാനങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിട്ടുള്ളതു്. അതുകൊണ്ടാണു് തിയ്യതിക്ക വ്യത്യാസം വരാൻ കാരണം.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഇതിൽ പറയുന്ന പത്രങ്ങളിൽ ഓരോന്നിനും എത്ര തുകവീതം കൊടുക്കുന്നുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു മാസത്തിൽ ആയിരം ഉറുപ്പിക ഈ ആവശ്യത്തിനുവേണ്ടി ചിലവാക്കുന്നുണ്ട്. അതു് എല്ലാ പത്രങ്ങൾക്കും വീതിച്ചു കൊടുക്കും. ൨൦൦ കയിൽ കൂടുതൽ ഒരു പത്രത്തിനു് കൊടുക്കുകയില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: അതു് തുല്യമായിട്ടാണോ വീതിച്ചു കൊടുക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ പി. നാരായണമേനോൻ: ദീനബന്ധു ഒരു സമസ്തകൊച്ചി നാണപത്രമാണെന്നു് മറ്റു ചില പത്രങ്ങളിൽ എഴുതീട്ടുള്ളതു് ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു്.